# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 206** **26.9.2011 ന് മറുപടിയ്ക്ക്**

സപ്ലൈകോ വഴിയുള്ള മരുന്നു വിതരണം

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ
,, പി.സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

ഉത്തരം

ശ്രീ.റ്റി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മരുന്നുകൾ സപ്ലൈകോ വഴി വിലകുറച്ച് വിൽക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സപ്ലൈകോയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന 92 മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്നുകൾ വില കുറച്ച് വിതരണം നടത്തിവരുന്നു. |
| (ബി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാനുദ്ദേശിക്കുന്നത്; | (ബി) മരുന്നുകൾ മൊത്തമായി വാങ്ങുന്നതിലേയ്ക്ക് 5 മെഡിക്കൽ ഹോൾസെയിൽ ഡിവിഷനുകൾ പ്രവർത്തിച്ചു വരുന്നു. സ്റ്റോറുകൾക്ക് ആവശ്യമായ മരുന്നുകൾ അവരുടെ ഇൻഡന്റ് പ്രകാരം മരുന്നുകമ്പനികളിൽ നിന്ന് നേരിട്ടോ കമ്പനികളുടെ സി.ആന്റ്.എഫ് ഏജന്റുകളിൽ നിന്നോ മൊത്തമായി വാങ്ങുന്നതിനാൽ കൂടുതൽ മാർജിൻ ലഭിക്കുന്നതിനും കൂടുതൽ വിലക്കിഴിവിൽ വിതരണം ചെയ്യുന്നതിനും കഴിയുന്നു. മെഡിക്കൽ ഹോൾസെയിൽ ഡിവിഷനുകളിൽ നവീന ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റവും അത്യാധുനിക സോഫ്റ്റ് വെയർ സിസ്റ്റവും നടപ്പിലാക്കുന്നു. ഈ രീതിയനുസരിച്ച് കൂടുതൽ ആവശ്യകതയുള്ള മരുന്നുകൾ കണ്ടെത്തുവാനും അതനുസരിച്ച് കൃത്യമായ ഇൻഡന്റിംഗിലൂടെ വാങ്ങി വിതരണം ചെയ്യുവാനും കഴിയുന്നു. ഈ രീതിയിലൂടെ |

| | |
|---|---|
| | സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും മരുന്നുകൾ കാലഹരണപ്പെട്ടു പോകുന്നത് ഒഴിവാക്കുവാനും കഴിയുന്നു |
| (സി) എം.ആർ.പി.യെക്കാൾ എത്ര ശതമാനം വില കുറയ്ക്കാനാണുദ്ദേശിക്കുന്നത്; | (സി) മരുന്നുകൾ 10% മുതൽ 43% വരെ വിലക്കുറവിൽ വിതരണം ചെയ്തു വരുന്നു. |
| (ഡി) സപ്ലൈകോ വഴി ജീവൻ രക്ഷാ മരുന്നുകൾ കൂടി ഇങ്ങനെ വിൽക്കാൻ നടപടിയെടുക്കുമോ? | (ഡി) സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി ജീവൻ രക്ഷാ മരുന്നുകളും വില കുറച്ച് വിതരണം ചെയ്തു വരുന്നുണ്ട്.<br><br>സെക്ഷൻ ഓഫീസർ |